# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2476      12/02/2020-ൽ മറുപടിക്ക്

**അപകടകരമായ അവസ്ഥയിൽ സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി**

| | ചോദ്യം<br><br>**ശ്രീ.കെ. ആൻസലൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര ചെങ്കൽ പഞ്ചായത്തിലെ കോടങ്കരയിൽ റോഡിന് അടുത്ത് അപകടകരമായ അവസ്ഥയിൽ സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൂഴിക്കുന്ന് സെക്ഷൻ ഓഫീസിനു കീഴിൽ വരുന്ന ചെങ്കൽഗ്രാമപഞ്ചായത്തിലെ കോടങ്കര എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന ട്രാൻസ് ഫോർമർ റോഡരികിൽ പൊതു സ്ഥലത്തു സ്വകാര്യവ്യക്തിയുടെ മതിലിനു പുറത്തായി ലോഡ്സെന്ററിലാണ് സ്ഥിതി ചെയ്യുന്നത്. ടി ട്രാൻസ് ഫോർമർ അപകടകരമായ അവസ്ഥയിലാണെന്ന് ഡി.ഡി.സി മീറ്റിംഗിൽ ബഹു.നെയ്യാറ്റിൻകര എം.എൽ.എ-യുടെ പരാമർശത്തെ തുടർന്നുണ്ടായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ നേതൃത്വത്തിൽ പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തിയിരുന്നു. എന്നാൽ ട്രാൻസ് ഫോർമർ മാറ്റിസ്ഥാപിക്കുവാനായി ലോഡ്സെന്ററിന് അകലെ അല്ലാതെ, അനുയോജ്യമായ പൊതുസ്ഥലം ഇതു വരെയും കണ്ടെത്താനായിട്ടില്ല. |
| (ബി) | ട്രാൻസ്ഫോർമർ അപകടകരമായ സ്ഥലത്ത് സ്ഥിതിചെയ്യുന്നതുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (ബി) | ടി സ്ഥലത്തു ട്രാൻസ് ഫോർമർ സ്ഥിതി ചെയ്യുന്നതുമായി ബന്ധപ്പെട്ട കോടങ്കരയിലെ ഗാന്ധിനഗർ റെസിഡൻഷ്യൽ അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ